# പ്ലാച്ചിമട സമരത്തെ ജനാധികാര സങ്കല്പത്തിന്റെ വളർച്ചയുള്ള ഈറ്റില്ലമായി വളർത്തണം : വിളയോടി വേണുഗോപാൽ

**ജയപ്രകാശ് നാരായണന്റെ ജന്മദിനമായ ഒക്ടോബർ 11ന് പ്ലാച്ചിമട സമരപന്തലിൽ വെച്ച് നടന്ന 'ജനാധികാര പഠനസമ്മേളന'ത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്**

ശരീരത്തിന് ആരോഗ്യം കിട്ടുന്നതിന് ആഹാരം പോലെ സമരം ചെയ്യുന്ന പോരാളികൾക്ക് അധികാരത്തെക്കുറിച്ച് അൽപം ചിന്തിക്കുന്നതിനും ചോദ്യം ചെയ്ത് ശീലിക്കാനുമൊക്കെ ഒരവസരം ആവശ്യമാണ്. അത്തരമൊരവസരമുണ്ടാകേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അതിനായി ജനാധികാരം വിപ്ലവത്തിന്റെ ആചാര്യനായ ജയപ്രകാശ്നാരായണന്റെ ജന്മദിനമായ ഒക്ടോബർ 11ന് ജനാധികാര പഠനകേന്ദ്രം ഇവിടെ പ്ലാച്ചിമടയിൽ ഒരു പരിപാടി സംഘടിപ്പിച്ചത് അഭിനന്ദനീയമാണ്.

ഗാന്ധിയുടെ ഗ്രാമസ്വരാജും ജെ.പിയുടെ സമ്പൂർണ്ണ വിപ്ലവവും ലോഹ്യയുടെ ജനകീയ ചിന്തകളും എല്ലാം ജനാധികാരവിപ്ലവത്തിന് വേണ്ടിയുള്ളവയായിരുന്നു. ബുദ്ധിപരമായ അഹന്തയുടെ പേരിൽ പലരും ഇതിനെ പുച്ഛിച്ചുവെങ്കിലും അവർ നിവർന്നുനിന്ന് പറഞ്ഞ ജനാധികാര ആശയങ്ങൾ ഇന്ന് അംഗീകാരം നേടി പുനർചിന്തനം നടന്നുകൊണ്ടിരിക്കുകയാണ്. എന്തായാലും ജനാധികാര വിപ്ലവത്തിന്റെ ചിന്താസരണിക്ക് പ്ലാച്ചിമട സമരവുമായി വലിയ ബന്ധമുണ്ട്. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണവും ഉപയോഗവും അവിടെ പിറന്ന്, വളർന്നവരുടെ ആവശ്യങ്ങൾക്കും മൗലികമായി അവകാശപ്പെട്ടതാണെന്ന് അംഗീകരിക്കേണ്ടതുണ്ട്. പ്ലാച്ചിമട സമരവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഇത്തരം ജനാധികാരത്തെക്കുറിച്ച് ഒരു ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഈ ചർച്ച ഇനിയും വിശാലമാകുമെന്നാണ് പ്രതീക്ഷ. ഇന്ന് പഞ്ചായത്ത് രാജ് എന്നത് കേന്ദ്ര സംസ്ഥാന ഭരണാധികാരികളുടെ ചുമതലക്കാരായാണ് നിൽക്കുന്നത്. ഭരണം ഗ്രാമതലത്തിൽ വരാൻ ഗ്രാമസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും യഥാർത്ഥ അധികാരം കിട്ടിയാലേ പറ്റൂ. എന്നാൽ മാത്രമേ ജീവജലം പോലുള്ളവ സംരക്ഷിക്കുന്നതിന് മനുഷ്യരുടെ മൗലികമായ അവകാശം നിറവേറ്റുന്നതിനുള്ള പ്രതിബദ്ധത നടപ്പിലാകൂ.

ഈയിടെ നടന്ന സംസ്ഥാന ഗവൺമെന്റിന്റെ ജലനയ ചർച്ചയിൽ ഇത്തരം ചിന്തകൾ അവതരിപ്പിക്കാൻ പ്ലാച്ചിമട സമരസമിതിക്കു അവസരമുണ്ടായി. 8 ഗ്രൂപ്പുകളായി നടന്ന ചർച്ചയിൽ സംസ്ഥാന ഗവൺമെന്റ് ജലസംരക്ഷണം അടിത്തട്ടിലുള്ളവർക്ക് അധികാരം നൽകുന്ന വിധത്തിലാകുന്നതിന് ധാരണയുണ്ടായി. പ്ലാച്ചിമട സമരസമിതി അവതരിപ്പിച്ച വിധത്തിലുള്ള ജനകീയ ജലനയമാണ് സംസ്ഥാനത്ത് വേണ്ടത് എന്ന് രണ്ട് മൂന്ന് മന്ത്രിമാർ തന്നെ പ്രസംഗങ്ങളിൽ അഭിപ്രായപ്പെടുകയുണ്ടായി. ഇനി റിഡ്രാഫ്റ്റിങ്ങ് കഴിഞ്ഞ് വരുമ്പോൾ അതിന്റെ ഊന്നൽ എന്താകുമെന്ന് പറയാനാവില്ല. ലോകബാങ്കിന്റെയും മറ്റും കമ്മീഷൻ പറ്റുന്ന ഏജന്റുമാരായിത്തീർന്ന ഉദ്യോഗസ്ഥന്മാർ ഇടപെട്ട് ഇത് എന്താക്കുമെന്ന് പറയാനാകില്ല. എന്തായാലും ഗ്രാമപഞ്ചായത്തുകൾക്കെങ്കിലും പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിന് അധികാരം ലഭിക്കുന്ന വിധത്തിൽ വിവിധ വകുപ്പുകളിൽ മാറ്റംവരുത്തണമെന്നും അതനുസരിച്ചുള്ള നിയമനിർമ്മാണങ്ങൾ ഉണ്ടാകണമെന്നും വിവിധ ഗ്രൂപ്പുകളിൽനിന്നും ധാരണ ഉരുത്തിരിഞ്ഞു വന്നുവെന്നത് തന്നെ നമുക്ക് നേട്ടമായി കരുതാം. എന്തായാലും ഒരു ജനാധികാര വിപ്ലവം നമ്മുടെ രാജ്യത്ത് ആവശ്യമാണ്. എന്നാൽ മാത്രമേ അധികാരം താഴെത്തട്ടിലുള്ള മനുഷ്യരുടേത് കൂടിയാകൂ. പ്ലാച്ചിമടയിലേതുപോലുള്ള ദുരന്തം മറ്റുള്ളവർക്ക് ഇല്ലാതിരിക്കണമെങ്കിൽ ഇവിടെ എന്തുതരം വികസനം ആണ് വേണ്ടതെന്ന് ചിന്തിക്കാനുള്ള അധികാരവും അവകാശവും തദ്ദേശവാസികളിൽതന്നെ ഉണ്ടാകണം.

ജനാധികാരത്തെക്കുറിച്ച് ഇന്ന് നടക്കുന്ന ചിന്തകൾ കാണിക്കുന്നത് ജനാധികാര വിപ്ലവത്തിന്റെ പ്രസക്തി ഏറിയിരിക്കുന്നു, ജനാധികാര രാഷ്ട്രീയത്തിന്റെ അന്തസത്ത ഉയർന്നിരിക്കുന്നു എന്നതാണ്. ജനാധികാരസങ്കല്പം വളരുവാനുള്ള ഈറ്റില്ലമായി പ്ലാച്ചിമട സമരം വളരുവാൻ നിങ്ങൾ എല്ലാവരുടേയും പങ്കാളിത്തം ഇനിയും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

സമരപന്തൽ, കൊക്കകോള വിരുദ്ധ സമരസമിതി,
പ്ലാച്ചിമട, കന്നിമാരി പി.ഒ., പാലക്കാട്

**ജനകീയ ജലാധികാരം**

## ജലം – ജനകീയ സമരങ്ങൾ പോസ്റ്ററുകൾ ക്ഷണിയ്ക്കുന്നു

കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നടക്കുന്ന ജലവുമായി ബന്ധപ്പെട്ട (മലിനീകരണം, കൊള്ള, ചൂഷണം) പ്രശ്നങ്ങളുടെയും സമരങ്ങളുടെയും വിവരങ്ങളും പ്രതിനിധാനങ്ങളും ശേഖരിക്കാനും പ്രദർശിപ്പിക്കാനുമായി പ്ലാച്ചിമട കൊക്കകോള വിരുദ്ധ സമിതിയുടെയും ഐക്യദാർഢ്യ സമിതിയുടെയും പഠന വിഭാഗമായ പ്ലാച്ചിമട പഠനസമിതി ആലോചിക്കുന്നു. താങ്കളുടെ അറിവിൽപ്പെട്ട വിവരങ്ങളും ബന്ധപ്പെടാനുള്ള വിലാസവും ഫോൺ നമ്പറും ദയവായി അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിവരങ്ങൾക്ക്: കൺവീനർ, പ്ലാച്ചിമട പഠനസമിതി,
പി.ബി. 100, തൃശൂർ-1. ഫോൺ : 9388872845